11.	ചെമ്പുക്കടവ്-III	7.5 "
12.	അപ്പർ ചെങ്കുളം	24 "
	ആകെ	107.5 MW

കൂടാതെ 54.25 MW സ്ഥാപിതശേഷിയുള്ള 11 പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് മെയ് 2015-ന് മുമ്പ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതുകൂടാതെ 61.25 MW-ന്റെ 10 പുതിയ പദ്ധതികൾ അടുത്ത രണ്ടുവർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കാൻവേണ്ടി കണ്ടെത്തിയിട്ടുണ്ട്.

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ളതും ആരംഭിച്ചുനടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ മറ്റ് സ്രോതസ്സുകൾമുഖേനയുള്ള ഊർജ്ജോല്പാദന പദ്ധതികളുടെ പട്ടിക അനുബന്ധമായി * ചേർത്തിട്ടുണ്ട്.

കൂടംകുളം വൈദ്യുത പദ്ധതി

38 (378) ശ്രീ എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളത്തുനിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കാനുള്ള ഇടമൺ-കൊച്ചി വൈദ്യുതി ലൈൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ലൈനിന്റെ ഏതെല്ലാം ഭാഗങ്ങളിലെ പണി പൂർത്തിയായി ; ഇത് ലൈനിന്റെ ആകെ നീളത്തിന്റെ എത്ര ശതമാനം വരും ; ഇപ്പോൾ ലൈനിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ പണി നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ മേഖലയിലെ ഭൂഉടമകൾക്ക് സർക്കാർ നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പാക്കേജിന്റെ വിശദാംശം വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലൈൻ കടന്നുപോകുന്ന ഭാഗത്തെ എത്ര ഭൂഉടമകൾക്കാണ് നഷ്ടപരിഹാരം നൽകേണ്ടത് എന്ന് കണ്ടെത്തിയിട്ടുണ്ടോ ; എത്ര പേർ ഇതിനകം നഷ്ടപരിഹാരം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഇ) എത്ര നാളായി ലൈനിന്റെ നിർമ്മാണ പ്രവർത്തികൾ മുടങ്ങി കിടക്കുന്നു ; ലൈനിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണ് ;

(എഫ്) നിർമ്മാണം പൂർത്തിയാക്കാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്ത മാക്കുമോ ?

ഉത്തരം

(എ) കൂടംകുളം ആണവ നിലയത്തിൽനിന്നും വൈദ്യുതി എത്തിക്കുന്ന തിനുവേണ്ടി തിരുനെൽവേലിമുതൽ ഇടമൺവരെയുള്ള ലൈൻ നിർമ്മാണവും പള്ളിക്കരയിൽനിന്നും മാടക്കത്തറവരെയുള്ള ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയാ യിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചി (പള്ളിക്കര) വരെയുള്ള ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ ടി ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുകാരണം തടസ്സപ്പെട്ടിരി ക്കുകയാണ്. ഇതുപരിഹരിക്കുന്നതിനായി ഗവൺമെന്റ് പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് 19-8-2014-ൽ (എംഎസ്.) 27/14/ഊ.വ പുറപ്പെടുവിക്കുകയും പത്തനംതിട്ട, കൊല്ലം, കോട്ടയം, എറണാകുളം ജില്ലാ ഭരണകൂടത്തിനോട് പ്രസ്തുത ലൈൻ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. കൂടാതെ പ്രസ്തുത നഷ്ടപരിഹാര പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-11-2014-ൽ ആക്ഷൻ കൗൺസിൽ പ്രതിനിധികളുമായി

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച നടത്തുകയും പ്രസ്തുത ലൈൻവലിക്കുന്നതിനായി 4-12-2014-ൽ വീണ്ടും യോഗം കൂടാൻ തീരുമാനിക്കുകയും ചെയ്തു.

(ബി) ലൈൻ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി ചുവടെ ചേർക്കുന്നു.

	Unit	Districts				Total	% completion
		Kollam	Pathanamthitta	Kottayam	Ernakulam		
Line Length	Kms	22	51	47	28	148	
Progress							
Check Survey	Kms	22/22	48/51	28/47	28/28	126/148	85%
Foundations	Nos	52/63	11/153	15/137	81/85	159/438	36%
Tower Erection	Nos	21/63	0/152	3/137	64/85	88/438	20%
Stringing	Kms	0/22	0/51	0/47	9.7/28	9.7/48	7%

(സി) സർക്കാരിന്റെ G.O.(MS)No.27/2014/PD dated 19-8-2014 പ്രകാരം 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ വലിയിൽ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഇല്ല. എറണാകുളം ലാന്റ് അക്വിസിഷൻ യൂണിറ്റിന്റെ പരിധിയിൽ വരുന്ന പ്രദേശത്ത് 213 പേർക്ക് വൃക്ഷങ്ങളുടെ വിലയും 58 പേർക്ക് വസ്തു സംബന്ധിച്ച നഷ്ടപരിഹാരവും നല്കി. പത്തനംതിട്ട ലാന്റ് അക്വിസിഷൻ യൂണിറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

106 പേർക്ക് വൃക്ഷങ്ങളുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഇ &എഫ്) 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുമൂലം 2011 മുതൽ ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുകയാണ്. ഇത് പരിഹരിക്കുവാൻ ഗവൺമെന്റ് പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും അതിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ നടന്നുവരുകയും ചെയ്യുന്നു. കൂടാതെ പത്തനംതിട്ട, കൊല്ലം, കോട്ടയം, എറണാകുളം ജില്ലാ ഭരണകൂടത്തിനോട് പ്രസ്തുത ലൈൻ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ നിർമ്മാണത്തിന് പി.ജി.സി.ഐ.എൽ.-നെ സഹായിക്കുന്നതിനുവേണ്ടി ഒരു 'സ്പെഷ്യൽ ടാസ്ക് ഫോഴ്സ് ടീമും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ രൂപീകരിച്ചിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ

39 (379) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി എത്ര ഗാർഹിക അപേക്ഷകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകർക്ക് വൈദ്യുതി നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) അപേക്ഷ നൽകി എത്ര ദിവസത്തിനുള്ളിൽ വൈദ്യുതി ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിക്കാമോ ?

<u>ഉത്തരം</u>

(എ)

ജില്ല	അപേക്ഷകളുടെ എണ്ണം
(1)	(2)
ദക്ഷിണ മേഖല	
തിരുവനന്തപുരം	20

LIBRARY ARCHIVES Kerala Legislative Assembly